# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3766 20.10.2016- ൽ മറുപടിക്ക്

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ഉയർത്തുന്നത് സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. 14/10/2016 തീയതിയിൽ ജി.ഒ.(കൈ)538/16/റവ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അനുകൂല ശുപാർശകളുണ്ടായിട്ടും ഉത്തരവിറങ്ങുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണ്; | | |
| (സി) | ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള 70777/2012, 63379/2015 നമ്പർ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | 70777/റ്റി1/12 നമ്പർ ഫയലിലെ വിഷയമായ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത പത്താംക്ലാസ്സ്/ തത്തുല്യം എന്ന് ഉയർത്തുന്നതും കരം രസീതിൽ ഒപ്പിടുന്നതിന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് അധികാരം നൽകുന്നതും സംബന്ധിച്ച് വിഷയം സർക്കാർ പരിശോധിച്ചിട്ടുള്ളതും തുടർനടപടികൾക്കായി പത്താം ശമ്പളപരിഷ്കരണ കമ്മീഷന്റെ പരിഗണനക്കായി 23/03/2015-ൽ സമർപ്പിക്കുകയുണ്ടായി. എങ്കിലും 27/05/2015-ലെ സ.ഉ.(കൈ) 213/15/ആർ.ഡി., 30/06/2015-ലെ സ.ഉ.(കൈ) 288/15/ആർ.ഡി. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം |

വില്ലേജാഫീസുകളിൽ കരം സ്വീകരിച്ച് രസീതിൽ ഒപ്പം വെച്ച് വിതരണം ചെയ്യുന്നതിന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് അനുമതി നല്കുകയുണ്ടായി. 63379/സി2/15/ ആർ.ഡി. നമ്പർ ഫയൽ റവന്യൂ (സി) വകുപ്പിൽ കൈകാര്യം ചെയ്തുവെങ്കിലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആയി ഉയർത്തികൊണ്ടുള്ള എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിനും വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുമായി ഈ വകുപ്പിലേക്ക് അതായത് റവന്യൂ (റ്റി) വകുപ്പിൽ ലഭിക്കുകയും ടി ഫയൽ 15214/റ്റി1/16/ആർ.ഡി. നമ്പരിൽ ആരംഭിക്കുകയും തുടർ നടപടി സ്വീകരിച്ചു കൊണ്ട് 14/10/2016 തീയതിയിൽ ജി.ഒ. (കൈ) നം.538/16/റവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**